# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/129/2018 2018 ജൂൺ 18

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

ജൂൺ 19ന് ആരംഭിക്കുവാൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. - 2016 അഡ്മിഷൻ സപ്ലിമെന്ററി (ഡിപ്പാർട്ട്മെന്റ് മാത്രം), 2017 അഡ്മിഷൻ റഗുലർ/2009 - 2016 അഡ്മിഷൻ സപ്ലിമെന്ററി (അഫിലിയേറ്റഡ് കോളേജുകളും ഡിപ്പാർട്ട്മെന്റും) പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

### എം.ജി. ഡിഗ്രി ഏകജാലകം: ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശനത്തിന് അർഹത നേടിയവർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ഈ മാസം 20ന് വൈകുന്നേരം 4.30നകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ജൂൺ 20നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. തുടർന്നുള്ള അലോട്ട്മെന്റിലേക്ക് ഇവരെ പരിഗണിക്കുന്നതല്ല.

താൽക്കാലിക പ്രവേശനം നേടുന്ന ആരും തന്നെ സർവ്വകലാശാലാ ഫീസിനു പുറമെ കോളേജുകളിൽ ഫീസ് ഒടുക്കേണ്ടതില്ല. ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവർക്ക് സ്ഥിര പ്രവേശം മാത്രമേ സാധ്യമാവൂ. സർവ്വകലാശാലാ ഫീസ് ഓൺലൈനായി ഒടുക്കുന്ന സമയത്ത് 'പേമെന്റ് ഫെയിലിയർ' വരികയാണെങ്കിൽ ഒരു മണിക്കൂറിനുശേഷം മാത്രം വീണ്ടും ഫീസ് ഒടുക്കാവുന്നതാണ്.

അപേക്ഷകർ തനിക്ക് ലഭിച്ച അലോട്ട്മെന്റിൽ സംതൃപ്തനാണെങ്കിൽ തുടർ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാതിരിക്കാനായി അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വന്നേക്കാം. ഇപ്രകാരം മാറ്റം ലഭിക്കുന്നപക്ഷം പുതിയ അലോട്ട്മെന്റ് നിർബ്ബന്ധമായും സ്വീകരിക്കേണ്ടതാണ്. ആദ്യം ലഭിച്ച അലോട്ട് മെന്റ് നഷ്ടപ്പെടുകയും ചെയ്യും. എന്നാൽ ഇപ്രകാരം മാറ്റം ലഭിക്കുന്നവർ ബാങ്കിൽ പുതുതായി ഫീസൊടുക്കേണ്ടതില്ല. ജൂൺ 21 മുതൽ 22 വരെ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

ഹയർ ഓപ്ഷനുകൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ഒഴികെയുള്ളവർ കോളേജുകളിൽ നിശ്ചിത ട്യൂഷൻ ഫീസ് ഒടുക്കി സ്ഥിരപ്രവേശനം ഉറപ്പുവരുത്തേണ്ടതാണ്.

വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച ഉത്തരവുകൾ ക്യാപ് വെബ്സൈറ്റിൽ (www.cap.mgu.ac.in) നൽകിയിട്ടുണ്ട്. സർവ്വകലാശാല നിഷ്ക്കർഷിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്ന കോളേജുകൾക്കെതിരെ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

### പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. (2017 അഡ്മിഷൻ റഗുലർ), സി.ബി.സി.എസ്.എസ്. (2013 - 2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾ ജൂൺ 29ന് ആരംഭിക്കും.

### പരീക്ഷാഫലം

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ്, ഹിന്ദി (സി.എസ്.എസ്. റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. അറബിക് (സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. സംസ്കൃതം (ജനറൽ) (സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷ്യൽ (വേദാന്ത)(സി.എസ്.എസ്. റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷ്യൽ (സാഹിത്യ)(സി.എസ്.എസ്. റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷ്യൽ (ന്യായ)(സി.എസ്.എസ്. റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷ്യൽ (വ്യാകരണ)(സി.എസ്.എസ്. റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

2017 ഒക്ടോബർ മാസത്തിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (സി.എസ്.എസ്. സോഷ്യൽ സയൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 മെയ് മാസത്തിൽ ഡോ. കെ.എൻ.രാജ് സ്റ്റഡി സെന്റർ ഫോർ പ്ലാനിങ് ആന്റ് സെന്റർ - സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സി.എസ്.എസ്. സോഷ്യൽ സയൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം വിദ്യാഭ്യാസ മേഖലയ്ക്ക് പുത്തൻ ഉണർവ്വേകി – ഡോ. സാബു തോമസ്**

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ്, മഹാത്മാഗാന്ധി സർവ്വകലാശാല, അമേരിക്കയിലെ വെർജീനിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ആരംഭിച്ച സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം മഹാത്മാഗാന്ധി സർവ്വകലാശാലാ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. വരും വർഷങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠനത്തിനും ഗവേഷണത്തിനുമായി വെർജീനിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.

എസ്.ഐ.ആർ.പി. സ്കൂളിന്റെ വിവിധ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളുമായുള്ള വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങളെപ്പറ്റി സ്കൂൾ ഡയറക്ടർ പ്രൊഫ. എ.എം. തോമസ് സംസാരിച്ചു. വെർജീനിയ യൂണിവേഴ്സിറ്റി പ്രൊഫസർ എം.എസ്. ശ്രീരേഖ, ഡോ. ബിജുലാൽ എം.വി., ലിറാർ പി. എന്നിവർ സംസാരിച്ചു.

**തേനീച്ച വളർത്തൽ – സൗജന്യ പരിശീലനം നാളെ (ജൂൺ 20) മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് & എക്സ്റ്റൻഷന്റെയും കേരള സംസ്ഥാന ഹോർട്ടികോർപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സർവ്വകലാശാലാ കാമ്പസിൽ ജൂൺ 20, 21 തീയതികളിൽ തേനീച്ച വളർത്തലിൽ സൗജന്യ പരിശീലനം നൽകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 കർഷകർക്കാണ് പ്രവേശനം. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും ഫോൺ: 0481 - 2731724, 2731560.

**സൗജന്യ ബാങ്ക് ടെസ്റ്റ് പരിശീലനം**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ 25 ദിവസത്തെ സൗജന്യ ബാങ്ക് ടെസ്റ്റ് പരിശീലനം ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731025.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**